بسم الله الرحمن الرحيم

ان الدين عند الله الاسلام    لا اله الا الله محمد رسول الله

**Munir Wasu'l Office**
**JAMAAT UL SAHIH AL ISLAM**

# *An Advice and Warning to Benjamin Netanyahu, the Prime Minister of Israel by the Khalifathullah Hazrat Munir Ahmad Azim (atba), Worldwide Spiritual Leader of Jamaat Ul Sahih Al Islam.*

## ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം ആഗോളതലവൻ, ഹസ്റത്ത് ഖലീഫത്തുല്ലാ മുനീർ അഹ്മദ് അസീം, ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിന് നൽകുന്ന ഉപദേശവും, മുന്നറിയിപ്പും.

ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം ആഗോള ആത്മീയനേതാവ് എന്ന നിലയിൽ, പരിശുദ്ധമായ ഈ റമ്ദാൻ മാസത്തിൽ, ലോകമെമ്പാടുമുള്ള മുസ്‌ലീംകൾ വൃതാനുഷ്ടാനത്തിലായിരിക്കുമ്പോൾ, പലസ്തീനിലും നമ്മുടെ സഹോദരീസഹോദരന്മാരും കുട്ടികളും വൃതാനുഷ്ടാനത്തിലായിരിക്കുമ്പോൾ, പ്രപഞ്ചസൃഷ്ടാവിന്റെ എല്ലാ കല്പനകളും, ഈ പരിശുദ്ധമാസത്തിൽ നിറവേറ്റുവാൻ ശ്രമിക്കുമ്പോൾ – നിങ്ങളുടെ ഭാഗത്തുനിന്ന് – ഇസ്രായേലുകളുടെ ഭാഗത്തുനിന്ന് – ഈ പരിശുദ്ധമാസത്തേയും മുസ്‌ലീംകളുടെ വിശ്വാസത്തേയും വളരെ ക്രൂരമായിട്ടാണ് നോക്കികാണുന്നത് എന്നത് എന്നിൽ അഗാധമായ വേദനയുളവാക്കുന്നു.

വടക്കൻ ഗാസാ മുനമ്പിലെ അനേകം ആളുകളിലേക്ക് ഇസ്രേയൽ നടത്തിയ ആക്രമണത്തെ ഹൃദയശൂന്യമായ പ്രവൃത്തിയായല്ലാതെ നോക്കികാണുവാൻ കഴിയുന്നില്ല. വികലാംഗ കേന്ദ്രത്തിലേക്കുള്ള ഈ പ്രഹരം ര് വികലാംഗ സ്ത്രീകളെ കൊല്ലുവാനും നാല് പേർക്ക് മുറിവേൽക്കുവാനും ഇടയായി. ഒരു മുന്നറിയിപ്പും ഇല്ലാതെയാണ് നിങ്ങൾ റോക്കറ്റാക്രമണം നടത്തിയത്. പിന്നീട് കിഴക്കൻ ഗാസാ നഗരമായ തൂഫാ ജില്ലയിലും ഇസ്രായേൽ സേന പ്രഹരമേൽപ്പിച്ചു. അവിടെ ഒരു വീടും പള്ളിയും നിലംപരിശായി. ഇരുപതു പേർ കൊല്ലപ്പെടുകയുമുണ്ടായി. വൈകുന്നേരം ഗാസയിലെ തെക്ക് ഭാഗമായ റാഫയിൽ ആക്രമണം നടത്തി മൂന്ന് പേരെ വധിക്കുകയുണ്ടായി. ഞായറാഴ്ച പ്രഭാതത്തോടെ ജബലിയായിലെ ഒരു വീട്ടിൽ ആക്രമണം നടത്തുകയും, പതിനാലു വയസ്സുള്ള ഒരു പലസ്തീൻ കുട്ടിയും കൊല്ലപ്പെടുകയുണ്ടായി. ഗാസാ നഗരത്തിലെ ഷിഫാ ആശുപത്രിയിൽ വ്യോമാക്രമണത്തിൽ കൊല്ലപ്പെട്ട അഞ്ച് പലസ്തീനികളുടെ ശവശരീരങ്ങൾ കാണുകയുണ്ടായി.

ഇസ്രായേൽ പ്രതിരോധസേന ഗാസയിലെ 60 ലക്ഷ്യങ്ങളിലേക്ക് ആക്രമണം നടത്തുകയുണ്ടായി. 14 പലസ്തീനിയർ രാത്രിയിൽ മാത്രം കൊല്ലപ്പെട്ടു. ഇസ്രായേൽ തുടർന്നും ദീർഘകാലം യുദ്ധം ചെയ്യുവാൻ തയ്യാറാടെക്കുകയാണോ ? മുസ്‌ലീംകളുടെ രക്തം ചീന്തുവാൻ തന്നെ തീരുമാനിച്ചിരിക്കുകയാണോ ? 2014 ജൂലൈ 8 ചൊവ്വാഴ്ച വരെ 124 പലസ്തീൻ പൗരൻമാർ കൊല്ലപ്പെട്ടു. തെരുതെരാ ബോംബിട്ടതിന്റെ ഫലമായിട്ടാണ് ഇത് സംഭവിച്ചത്. ഗാസയിലെ ആശുപത്രി വൃത്തങ്ങൾ സ്ഥിരീകരിച്ച കണക്കാണിത്. 900 പലസ്തീനികൾക്ക് മുറിവേൽക്കുകയുണ്ടായി. അവരിൽ ചിലരുടെ കൈകാലുകൾ നഷ്ടപ്പെടുകയും, മറ്റുള്ളവർ ജീവസന്ധാരണത്തിന് വഴിമുട്ടിയവരായി തീരുകയും ചെയ്തു. മുറിവേറ്റവരിൽ ബഹുഭൂരിഭാഗവും കുട്ടികളാണ്. ഇവരെല്ലാം അത്യാഹിതവിഭാഗത്തിലാണ്.

നിഷ്ടൂരമായ നിലയിൽ ഗാസയിൽ നടത്തിയ തെരുതെരെയുള്ള ബോംബാക്രമണത്തിന്റെ വീഡിയോകൾ വിതരണം ചെയ്തിട്ട്. വീടുകളുടെ മുകളിൽ ആദ്യം മോർട്ടാറുകൾ ഇടുകയും, അതേ തുടർന്ന് ശക്തികൂടിയ ബോംബുകൾ ഇട്ട് വീടുകൾ തകർക്കുകയുമാണ് ചെയ്യുന്നത്. പലസ്തീൻ സഹോദരങ്ങളുടെ ശബ്ദങ്ങളിൽ ഭീതിയുടെ ആരവങ്ങൾ ഉയരുന്നു. നിമിഷങ്ങൾക്കകം കെട്ടിടങ്ങൾ തകർന്നു വീഴുന്നു. ഞാൻ ചോദിക്കുന്നു രാഷ്ട്രഭീകരതയും രാജഭീകരതയും തമ്മിൽ എന്താണ് വ്യത്യാസം. വലിപ്പത്തിലും വ്യാപ്തിയിലുമല്ലേ വ്യത്യാസം. ഈ നിലയിൽ നിരപരാധികളുടെ ജീവനെടുക്കുവാൻ നിങ്ങൾ ദൈവം ചമയുകയാണോ ? ഭൂമിയിൽ ഒരുപാട് വ്യാജ ദൈവങ്ങളെ ഞാൻ കണ്ടിട്ടുണ്ട്. അവർ ഭൂമിയിൽ ദൈവം ചമഞ്ഞപ്പോൾ, ഭൂമിയിൽ അവരെ എങ്ങനെയാണ്, എല്ലാത്തിനെയും അതിജയിക്കുന്ന ദൈവം, നശിപ്പിച്ചത് എന്നും കിട്ടുണ്ട്.

ഇസ്രായേലിനോടും ഹമാസിനോടും ലോകം കേണപേക്ഷിക്കുകയാണ്. ഈ ശത്രുത അവസാനിപ്പിക്കുവാൻ. രണ്ട് ദിവസം മുൻപ്വരെ മരണസംഖ്യ 162 ആയി ഉയർന്നിരിക്കുകയാണ്. ചൊവ്വാഴ്ച ഈ പ്രശ്നം ഉണ്ടായതു മുതൽ രണ്ട് വയസ്സുള്ള കുട്ടി ഉൾപ്പടെ 56 പലസ്തീൻ പൗരന്മാരും 73 സ്ത്രീകളും കൊല്ലപ്പെട്ടിരിക്കയാണ്. ഗാസ അതിർത്തിയിൽ ഉടനീളം നിങ്ങളും നിങ്ങളുടെ കമാന്റോകളും കൂടുതൽ രക്തചൊരിച്ചിലിനായി തയ്യാറാടെക്കുകയാണ്. വടക്കൻ ഗാസയിൽ നിന്നും പലസ്തീൻകാർ അവരുടെ വീടുകൾ ഉപേക്ഷിച്ചുപോകുവാൻ നിങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇസ്രായേലിന്റെ പ്രധാനമന്ത്രിയെന്ന നിലയിൽ വളരെ ധിക്കാരപരമായ നിലപാടാണ് നിങ്ങൾ ലോകത്തിനുമുൻപിൽ പ്രഖ്യാപിച്ചിരിക്കുന്നത്. അതായത് **“ഞങ്ങളുടെ നാശത്തിനായി പ്രവർത്തിക്കുന്ന ഭീകര പ്രസ്ഥാനത്തിനെതിരിൽ, എല്ലാവിധ ശക്തിയും ഉപയോഗിച്ച് ആക്രമിക്കുന്നതിൽ നിന്നും, ഞങ്ങളെ ഒരു അന്താരാഷ്ട്ര സമ്മർദ്ദത്തിനും തടയുവാൻ കഴിയുകയില്ല.”**

നിങ്ങളുടെ നാട്ടിൽ ഈ പരിശുദ്ധമാസത്തിൽ മുസ്ലീം സഹോദരന്മാരെ ആക്രമിക്കുവാൻ നിങ്ങളുടെ പൗരന്മാരെയും പട്ടാളക്കാരെയും നിങ്ങൾ അനുവദിക്കുമോ ? മുസ്ലീംകളെ ഭീകരവാദികൾ എന്നു വിളിക്കുവാനുള്ള ധിക്കാരം നിങ്ങൾക്കുണ്ട്. എന്നാൽ പലസ്തീൻകാരുടെ മേൽ ഈ ഭീകരാക്രമണങ്ങൾ നിങ്ങൾ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇതിൽ നിന്നും മനസ്സിലാകുന്നത് നിങ്ങൾക്ക് ഇസ്ലാമിനോടും മുസ്ലീംകളോടും അതികഠിനമായ വെറുപ്പാണുള്ളത് എന്നാണ്. നിങ്ങളുടെ രക്തത്തിൽ അല്പം പോലും മനുഷ്യത്വമില്ലേ ?

നിങ്ങൾക്കിത് അറിയില്ലെങ്കിൽ, ഞാൻ നിങ്ങൾക്ക് പറഞ്ഞ് തരുവാൻ ആഗ്രഹിക്കുകയാണ്, ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ലോകത്തെ പൊതുവിലും മുസ്ലീംകളെ പ്രത്യേകിച്ചും പഠിപ്പിച്ചിരിക്കുന്നു. **“ഇസ്ലാമിലെ സഹനതയെന്നത് ഒരു നന്മയാണ്.”** വിശുദ്ധഖുർആൻ, പരിപൂർണ്ണ ഗ്രന്ഥം ഇതുംകൂടി നമ്മെ പഠിപ്പിച്ചിരിക്കുന്നു. **“മറ്റ് വിശ്വാസങ്ങളെയും വിശ്വാസികളെയും നാം ആദരിക്കണം.”** എന്നും.

ജനഹൃദയങ്ങളിൽ ശത്രുത പരത്തുകയും, പ്രയാസങ്ങൾ സൃഷ്ടിക്കുകയും പലസ്തീനിലെ നിരപരാധികളെ കൊന്നെടുക്കുകയും ചെയ്യുകയാണെങ്കിൽ നിങ്ങളോടും, നിങ്ങളുടെ ഗവൺമെന്റിനോടും, നിങ്ങളുടെ ജനങ്ങളോടുമുള്ള ഉപദേശം ഇതാണ് ! കഴിഞ്ഞകാലങ്ങളിൽ ചെയ്തതുപോലെ പലസ്തീൻ ജനതയെ ഇനി ആക്രമിക്കുന്നതിനുമുമ്പ് നൂറുപ്രാവശ്യം ആലോചിക്കണം. നൂറുപ്രാവശ്യമല്ല ലക്ഷംപ്രാവശ്യം ആലോചിക്കണം. മാരകമായ ആക്രമണം ആരംഭിക്കുന്നതിനുമുമ്പ് ! ദൈവീക ശിക്ഷ നിങ്ങളുടെ മുൻഗാമിയായ ഏരിയൽ ഷാരോണിന് സംഭവിച്ചതുപോലെ നിങ്ങൾക്കും സംഭവിക്കാതിരിക്കുവാൻ! ബോധക്ഷയം ബാധിച്ച ഏരിയൽ ഷാരോണിന്റെ ദാരുണമായ അന്ത്യത്തിന് ലോകം സാക്ഷ്യം വഹിച്ചതാണ്. ഞാൻ അദ്ദേഹത്തിനും മുന്നറിയിപ്പു നൽകിയിരുന്നു. പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. പലസ്തീൻ ജനതയോട് സർവ്വശക്തനായ ദൈവം നീതികാട്ടുകയുണ്ടായി. കാരണം ഇസ്രായേലിന്റെ കരങ്ങളാൽ വർഷങ്ങളോളം വളരെയധികം പീഢനങ്ങൾക്കിരയായ ഒരു ജനതയാണവർ.

അന്തർദ്ദേശീയ, ജമാ അത്തുസ്സഹീഹിൽ ഇസ്ലാമിന്റെ ആത്മീയ നേതാവെന്ന നിലയിൽ ഞാൻ താങ്കൾക്ക് ഇപ്പോൾ വ്യക്തിപരമായി മുന്നറിയിപ്പ് നൽകുകയാണ്. ഇസ്രായേലിന്റെ പ്രധാനമന്ത്രി യെന്ന നിലയിലും, പലസ്തീനിലെ നിരപരാധികളായ ജനങ്ങളെ കൊന്നവർക്കുവേണ്ടിയും, നിങ്ങൾ യഥാർത്ഥമായ ദൈവത്തിലേക്ക് തിരിയുകയും പശ്ചാത്തപിക്കുകയും ചെയ്യുക. പലസ്തീൻ ജനത യോടും, മുസ്ലീം ലോകത്തോടും മാപ്പ് ചോദിക്കുക, അതിലൂടെ ഇരുവിഭാഗങ്ങളിലുമുള്ള വെറുപ്പും വിദ്വേഷവും ഇല്ലായ്മ ചെയ്യുവാൻ കഴിയുന്നതാണ്. നിങ്ങൾ അനിവാര്യമായും പശ്ചാത്തപിക്കുക. നിങ്ങൾ പശ്ചാത്തപിക്കുന്നില്ലെങ്കിൽ, സർവ്വശക്തനായ ദൈവത്തിൽ നിന്നും അതികഠിനമായ ശിക്ഷ, ദൈവീക ശിക്ഷ, ദൈവീകനാശം, മഹാവിപത്ത് ഉാകുന്നതിനെ കാത്തിരുന്നുകൊള്ളുക.

ഈ മുന്നറിയിപ്പ് ഞാൻ, ഈ നൂറ്റാണ്ടിലെ ദൈവീക സന്ദേശ വാഹകൻ എന്ന നിലയിൽ, നിങ്ങൾക്കു നൽകുകയാണ്. നിങ്ങൾ ഈ മുന്നറിയിപ്പിനെ സഗൗരവം പരിഗണിക്കുമെന്ന് കരുതുന്നു. നിങ്ങൾ വളരെ താമസിച്ചിരിക്കുകയാണ്. ! ഈ രക്തചൊരിച്ചിൽ നിർത്തൂ ! അല്ലെങ്കിൽ ദൈവീകകരം നിങ്ങളെ പിടികൂടും!

ശരിയായ മാർഗ്ഗദർശനം പിൻപറ്റുന്നവർക്ക് സമാധാനം. ആമീൻ

(Sd)
**MunirAhmadAzim**
*Worldwide Spiritual Leader*
*Jamaat Ul Sahih Al Islam*
*14 July 2014*

**മുനീർ അഹ്മദ് അസീം**
*ആഗോള ആത്മീയ നേതാവ്*
*ജമാഅത്തുസ്സഹീഹിൽ ഇസ്ലാം*

*********************************

**Translated& Issued By**
**R. Jamaludin Raother**
**Amir**
**Jamaat-Ul-Sahih-Al-Islam**,
Kerala South Zone
*Ph: 9447001832 / 0475 2220223*
*Email : jamal.raother@gmail.com*
*www.jamaat-ul-sahih-al-islam.com*